HLM-0051

The Heavenly Light Ministry

പരമപിതാവിനു സ്തുതി പാടാം
അവനല്ലോ ജീവനെ നൽകിടുന്നു
പാപങ്ങളാകവെ ക്ഷമിച്ചിടുന്നു
രോഗങ്ങളാകവെ നീക്കിടുന്നു ... പരമ

ഇടയനെപ്പോൾ നമ്മെ തേടിവന്നു
പാപകുഴിയിൽ നിന്നേററിയവൻ
സ്വന്തമാക്കി നമ്മെ തീർത്തിടുവാൻ
സ്വന്തരക്തം നമ്മുക്കേകിയവൻ പരമ

അമ്മയെപ്പോൽ നമ്മെ ഓമനിച്ചു
അപകടവേളയിൽ പാലിച്ചവൻ
ആഹാരപാനിയം ഏകിയവൻ
നിത്യമാം ജീവനും നൽകിടുന്നു പരമ

കൂടുകളെ കൂടെ കൂടിളക്കി
പറക്കുവാനായ് നമ്മെ ശീലിപ്പിച്ചു
ചിറകുകളതിന്മേൽ വഹിച്ചു നമ്മെ
നിലം പരിചായി നാം നശിച്ചിടാതെ... പരമ

സ്തോത്രം ചെയ്യാം ഹൃദയാംഗമായി
കുമ്പിടാം അവൻ മുമ്പിൽ ആദരവായ്
ഹല്ലേലുയ്യാ ! പാടാം മോദമോടെ
അവനല്ലോ നമ്മുടെ രക്ഷയിൻ പാറ... പരമ